MA
൨
VEN
C

KOTTAYAM PUBLIC LIBRARY

Call No. MA൨ Acc.No. 21539

Author വെങ്കടാചലമയ്യൻ കവിയൂർ

Title ചമ്പുഭാരതം

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

3

അനന്തഭട്ട വിരചിതം.

# ചമ്പുഭാരതം.

മഹാകാവ്യം.

21539

(സംസ്കൃതത്തിൽ നിന്നു്)

കവിയൂർ വെങ്കടാചലമയ്യൻ

പരിഭാഷപ്പെടുത്തിയതു.

(പകൎപ്പവകാശം സ്വായത്തം.)

ഗ്രന്ഥകൎത്താവിൻെറ മുദ്രയില്ലാത്ത

പുസ്തകം വ്യാജനിൎമ്മിതം.

"Kerala Santhana" Press,

ALLEPPEY.

1914.

MA2

"Kerala Sanjivani" Press,

ALLEPPEY.

1914.

# ചമ്പൂഭാരതം.

No 21539

## ൪-ാം സ്തബകം.

നന്ദാത്മജൻ നിജപുരിക്കു ഗമിച്ചശേഷം
നന്നായ് മഹീശനു മയൻസഭയൊന്നുതീൎത്താൻ
സൌന്ദൎയ്യമേറുമതുകണ്ടഴലാൽസുധൎമ്മ-
യ്ക്കിന്നും ഗതാഗതമിയന്നമരുന്നുജീവൻ. (൧)
മരവിരിയുമടുത്തു വീണയേന്തി
സ്സുരമുനിനാരദനെത്തിയസ്സദസ്സിൽ
സരസമവനിപാലനോടുരച്ചാൻ
വിരവൊടു ചെയ്യുതിനശ്വമേധയാഗം. (൨)

അനന്തരം ധൎമ്മപുത്രർ യാഗംചെയ്യുന്നതിന്നു തുനിഞ്ഞു ദൂതന്മാരെ അയച്ചു് ശ്രീകൃഷ്ണനെ വരുത്തി വേണ്ട ആലോചനകളെല്ലാം നടത്തി അതനുസരിച്ചു് ശ്രീകൃഷ്ണൻ ഭീമാൎജ്ജുനന്മാരോടുകൂടി പുറപ്പെട്ടു് ധനധാന്യങ്ങളാൽ സമ്പൂൎണ്ണമായ മഗധയിൽ ചെന്നു് പരാക്രമിയായ ജരാസന്ധനോടു യുദ്ധംചെയ്യണമെന്നാപേക്ഷിച്ചു.

ജരാസന്ധൻ മുമ്പു് പതിനെട്ടു പ്രാവശ്യം ശ്രീകൃഷ്ണൻ തന്നോടു തോല്ക്കയാൽ അവനേയും അൎജ്ജുനൻ ബാലനാകയാൽ അവനേയും ഉപേക്ഷിച്ചിട്ടു് ഹിഡിംബവൈരിയായ ഭീമനോടേററു. പതിനഞ്ചുദിവസം അവർ തമ്മിൽ ഭയങ്കരമായി യുദ്ധം ചെയ്തതിന്റെശേഷം ഭീമൻ ജരാസന്ധനെ നാമാവശേഷനാക്കി.

വന്നിട്ടുമദ്ധ്വരമതിങ്കലെഴും ഹവിസ്സു
തിന്നിടുവാനയരുമഗ്നികളെന്നപോലെ
മിന്നുന്ന മൂവരുമുടൻ മഗധയ്ക്കധീശൻ-

തന്നൊത്തുലച്ചു നരപാലപുരത്തിലെത്തി. (൩)
ശ്രീശൻപുരം വെടിയവേനൃപസോദരന്മാർ
ദേശങ്ങളൊക്കെ വിജയിച്ചു മടങ്ങിയെത്തി
കോശത്തിൽ വച്ചുനിജവാളുകളെണ്ണമാന്റ
രാശിഭവിച്ചുധനമോ വിപരീതമായി. (൪)
പരനൃപതികൾ കാഴ്ചവച്ച വിത്തം
നിരവധിതൻ പുരിയിൽ കടന്നുതിങ്ങി
നരപതിയുടെ രമ്യമാംപുരത്തിൻ-
ധരണിവസുന്ധരതന്റെയർത്ഥമാന്റ. (൫)
നിജകരഗതമാക്കിബ്ഭൂരിവിത്തം പ്രരീചീ-
വിജയിനകുലനോടൊത്തു ഗുഭേരീരവത്താൽ
വിജയസഖനനന്താം ഭിന്നമാക്കീട്ടണഞ്ഞാൻ
സുജന മകുടമുത്താം ധർമ്മരാജന്റെമുന്നിൽ. (൬)
തനവൊട്ടുഹുതഭാഗം സ്വീകരിപ്പാനടുത്തോ-
ന്നനുമതിയുള്ളവാക്കും സാധുവാം മാധവന്റെ
അനുമതിയൊടുയാഗം രാജസൂയംതുടങ്ങി
മനുജപതിയുപാദ്ധ്യായോത്തമന്മാരുമായി. (൭)
ഉദകമതിവിശുദ്ധം മൌലിയിൽപോലുമദ്ര്യൽ-
സുദതിയൊടൊരുമിച്ചുധർമ്മജൻധർമ്മനിഷ്ഠൻ
മുദിതനരിയദീക്ഷാസക്തനായ ഹവ്യഭാക്കാം
സദനമതിലണഞ്ഞാൻ വേണ്ടകാര്യങ്ങൾ ചെയ്യാൻ.
ഹൃദ്യം ഹുതംനുകരുവാൻ കൊതിപൂണ്ടുവഹ്നി
യാദ്ര്യം പുരാജതുനികേതമശിച്ചതിന്റെ
ഉദ്രിക്തഭിത്തിനിരയുള്ളിലജീർണ്ണമായി
ഛർദ്ദിച്ചുധൂമകുലമെന്നൊരു കൈതവത്താൽ. (൯)
അവിടെവരെ ഹുതംമെചേക്ഷവാൻ ശക്യമല്ലി-
ബ്ഭുവിവരിക മടിക്കാതെന്നുദേവൿപത്രം
പാവനസഖനെളുപ്പം വിട്ടതോയെന്നതോന്നും
ദിവിയവിടെ നിരന്നിട്ടുള്ള ഹോമാഗ്നിധൂമം. (൧൦)
അടവിഖാണ്ഡവമുണ്ടുതടിച്ചുത-
ന്നുടലെടുത്തുവടക്കുകടക്കുവാൻ

പട്ടുതകെട്ട ശിഖിക്കൊരു താങ്ങുപോ-
ലുടനണഞ്ഞിതു യൂപമടുക്കലായ്. (൧൧)
കലാധിപൻ ഭാസ്കര ബിംബമേളനം
കലൎന്നിടാതുള്ള വിധത്തിൽ വാനവർ
അലംതദാനീം പരിതൃപ്തിനേടിനാ-
രലഭ്യമാം ഹവ്യവരങ്ങൾകൊണ്ടുതാൻ. (൧൨)
ചൊല്ലാൎന്നയാഗമതിലൎത്ഥമിയന്നു വൎണ്ണ-
മെല്ലാമുദാരമതിഭൂപനിൽ നിന്നുപക്ഷെ
ഇല്ലെന്നുവൎണ്ണയുഗമാം പദമൊന്നുമാത്രം
തെല്ലൎത്ഥമെങ്കിലുമതിൽ ബതനേടിയില്ല. (൧൩)

ആയാഗശാല നാനാദേശങ്ങളിൽനിന്നും വന്ന രാജാക്കന്മാരാൽ അലംകൃതമായി ശോഭിച്ചു. ആ സഭയിൽ ഒരിടത്തു് മഹൎഷിമാരാൽ പരിവൃതനായി ഭഗവാൻ ശ്രീകൃഷ്ണൻ നിശ്ചലനായി സ്ഥിതിചെയ്തിരുന്നു. സഭ്യന്മാരെല്ലാം അദ്ദേഹത്തിൻെറ അതി മനോഹരമായ രൂപം കണ്ടു് ആനന്ദ തുന്ദിലന്മാരായി അങ്ങോട്ടു തന്നെ നോക്കിക്കൊണ്ടിരുന്നു. അങ്ങിനെ ഇരിക്കുമ്പോൾ ഭീഷ്മരുടെയും ധൎമ്മപുത്രരുടെയും നിയോഗത്താൽ സഹദേവൻ അൎഘ്യപാദ്യാദികളോടു കൂടി ചെന്നു ശ്രീകൃഷ്ണനെ പൂജിച്ചു.

വേദിവിട്ടുമഖവഹ്നിപോൽ ദ്വിഷ-
ന്മേദിനീശരുടെ ധീരതയ്ക്കഹോ
ഭേദമേകിവിറച്ചുണ്ടിനേററിയ-
ച്ചേദിപൻെറ യകമാൎന്നരുട്ടുടൻ. (൧൪)
പുരുഷവരനുദാരൻ ഛേദിഭൂപൻ പൊഴിക്കും
പരുഷമൊഴികൾ മൂലം ക്രുദ്ധനായില്ലുതെല്ലും
ഒരുമയൊടവയെല്ലാം ചെന്നുകാതിൻവെളിക്കായ്
മരുവിയതിൽവിളങ്ങും നീലരത്നങ്ങൾപോലെ. (൧൫)
ഉണ്ടോശകാരമിനിയെന്നറിവാനൊരാശ-
യുണ്ടായപോൽ പ്രളയസൂൎയ്യനുതുല്യമായി
തണ്ടാർദളാക്ഷനുടെ ചക്രമടുത്തുശീഘ്രം
കണ്ടിച്ചു ഛേദിനൃവരൻെറ കഴുത്തുരണ്ടായ്. (൧൬)

ഇപ്രകാരം ആ ധൎമ്മതിയുടെ ആയുസ്സോടുകൂടി യാഗകൎമ്മവും സമാപ്തമായി. പുണ്യാത്മാവായ ധൎമ്മപുത്രർ അവഭൃഥസ്നാനം കഴിഞ്ഞു സംഭാവനാരൂപമായി അസംഖ്യം ദ്രവ്യവുംകൊടുത്തു. രാജാക്കന്മാരെയെല്ലാം യഥോചിതം സല്ക്കരിച്ച് തിരിയെ അയച്ചു. പരമകാരുണികനായ ശ്രീകൃഷ്ണനും ധൎമ്മപുത്രരോടു യാത്രപറഞ്ഞു് ശിശുപാലനാശത്താൽ പൌരന്മാൎക്കുണ്ടാകുന്ന ആനന്ദബാഷ്പം കാണുന്നതിന്നെന്നപോലെ തന്റെ പുരിയിലേക്കു പുറപ്പെട്ടു.

ദുൎയ്യോധനൻ പടയുമായതിവിസ്മയത്താൽ
പൎയ്യാകുലൻ നിജപുരത്തിലണഞ്ഞുടൻതാൻ
ദുൎയ്യുക്തിയുള്ള നിജമാതുലനോടുവരുത്തി
കാൎയ്യങ്ങളിങ്ങനെയസൂയമുഴുത്തുചൊന്നാൻ. (൧൭)
പൊന്നഗ്നിജന്യമിതി ചൊല്ലുവതെത്രസത്യ-
മെന്നാമഖത്തിലവനീശരവൎഗ്ഗംവേണ്ടി
കുന്നിക്കുയാൽ മനസി ബോധ്യമെനിക്കതോൎത്തി-
ട്ടെന്നാൎയ്യമാതുല മനസ്സെരിയുന്നുവല്ലൊ. (൧൮)
തന്വംഗിയാൾ സ്ഥലജലഭ്രമമാൎന്നൊരെന്നെ
മിന്നുന്നകൊങ്കകളുലച്ചു ചിരിച്ചതേററം
നന്നൊന്നുതൻതനയ ഭാൎയ്യയൊടോതുവാനാ-
യെന്നുള്ളമട്ടിലകലാനയൎന്നാജ്ഞീവൻ. (൧൯)
പോരിൽ സേനകളാലിപ്പോൾ
പാരശേഷം കുലുക്കിയോൻ
വൈരിവൎഗ്ഗം നശിപ്പിച്ചീ-
ഭൂരിഖേദം കെടുത്തുവൻ. (൨൦)

ഇപ്രകാരം പറഞ്ഞു് ലജ്ജാദുഃഖങ്ങളാകുന്ന പുഴകളുടെ സംഗമസ്ഥാനത്തു നിമഗ്നനായ ദുൎയ്യോധനനെ ഉത്താരണം ചെയ്യുന്നതിന്നു നിൎവ്യാജബന്ധുവായ ശകുനി ഇങ്ങനെ ഉത്തരം പറഞ്ഞു.

ഹേവത്സവീൎയ്യമെഴുമൎജ്ജുനനെജ്ജയിപ്പാൻ
നീവമ്പനോപറക ഖാണ്ഡവദാഹകാലേ

ദേവേശ്വരാദി ബുധരോടിമരുൽഗണത്തിൻ-
ഭാവംഭജിച്ചുനിജശീഘ്രതകൊണ്ടുമാത്രം. (൨൧)
ഉൾക്കോപമാൻവലുതാം ഗദകൈയ്യിലേന്തി
നില്ക്കുംമരുൽസുതനെ നോക്കുവനാരുപാരിൽ
ചിക്കെന്നവൻെറയൊരിടിക്കുതകൻപോരിൽ
മുക്താണ്ടമാഗധഹിഡിംബബകാസുരന്മാർ. (൨൨)
ആവമ്പരാം സഹജരാൽപരിസേവ്യനായ
ഭൂവജ്ജിതൻകഥകഴിപ്പതിനും വിശേഷാൽ
ഏവംബലിഷ്ഠരൊടു പോരിടുവാനുമയ്യൊ
ഭാവിപ്പതെന്തുകഥയാണതുചിന്തചെയ്ക. (൨൩)

അങ്ങിനെയൊക്കയിരുന്നാലും നിൻെറയും അവരുടെയും ഐശ്വൎയ്യം ചൂതുകളിക്കു പണയമായി തീരുമ്പോൾ അനന്യ സാധാരണമായ ദ്യൂതനനൈപുണ്യത്താൽ ധൎമ്മപുത്രരെ പരാജയമാക്കുന്ന രാജമാൎഗ്ഗത്തിൽ കൂടി സഞ്ചരിപ്പിക്കാം

വരിഷ്ഠരാം പാണ്ഡവർതോററു ചൂതിൽ
ദരിദ്രരായ് ബന്ധു ജനങ്ങളെന്ന്യെ
മരിക്കുമുൾക്കാത്തലിനാൽ വിദേശ-
ത്തിരിക്കുമല്ലെങ്കിൽ വിലജ്ജിതന്മാർ, (൨൪)
വാരാശിയായഹരി മേചകരത്നകാന്തി
പാരം വിളങ്ങുമിളയെ ബ്ഭുഹുവത്സരം നീ
സ്വൈരം സുയോധന സഹോദരരോടു കൂടി
ത്തീരെ ദ്വിഷൽ ഭയമൊഴിച്ചു ഭരിക്ക പിന്നെ. (൨൫)

ഇപ്രകാരം ദുൎവ്വോധനത്താൽ പ്രേരിതനായ ദുൎയ്യോധനൻ പിതാവിൻെറ അനുവാദത്തോടുകൂടി പുത്തനായി ഒരു മണിമണ്ഡപം അതി വിചിത്രമായിപണിയിച്ചു. അതിൻെറ പ്രവേശനോത്സവത്തിനെന്നുള്ള വ്യാജേന പാണ്ഡവന്മാരെ ക്ഷണിച്ചു. ധൎമ്മപരായണനായ ധൎമ്മപുത്രർ ബന്ധുക്കളോടുകൂടി ഹസ്തിനപുരത്തിൽ എത്തി ഭക്തി പുരസ്സരം പിതൃവ്യനെ നമസ്കരിച്ചു.

അവഭൃഥാംബുകണമേകിടും
ധവളശേഖര മുത്തുകൾമിന്നവെ
അംബലമാർമണി പാണ്ഡവപത്നിയ
സ്സംബലനന്ദി നീ തന്നൊവണ്ണങ്ങിനാൾ. (൨൭)
ഘോദിച്ചനാമയമുദഗ്രമഖത്തിലേററം
മോദിച്ച മട്ടകൾ നടിച്ച മഹീശ വൃദ്ധൻ
പാദം പണിഞ്ഞ നിജധൎമ്മജനെ സ്തുതിച്ചി
ട്ടാദേശമേകി തിരിയെ സ്വഗൃഹം ഗമിപ്പാൻ. (൨൮)
തന്നാം ഗമനാമിയലും ഭടരേറിയേററാ
ഭിനിക്ഷവാൻ കുരുമഹീപതികൾക്കവൈരം
വന്നെത്തുമെന്നരുജപൂണ്ടതുപോലെ സൂൎയ്യൻ
മന്ദിച്ചകാന്തിയൊടു പശ്ചിമദിക്കിലെത്തി. (൨൯)
ആശകൾക്കിടകളൊക്കയും തമോ-
രാശി വന്നുദ്ധമായ് മറയ്ക്കവെ
ദേശവാസികളശേഷ മന്ധനാ-
മീശവൃദ്ധനൊടു തുല്യരായ് തദാ. (൩൦)
മാനവൎക്കമിഴികാണ്മവാൻ സുധാ
ഭാനുദിക്കുകളെ വേണ്ടപോലുടൻ
വാനവൎക്ക വിഭജിച്ചുനൽകിനാൻ
മേനിയാൎന്നകിരണാങ്കുരങ്ങളാൽ. (൩൧)
ഉപവേശഗൃഹത്തിൽവിശ്രമിക്കും
നൃപനെക്കാണ്മവതിന്നുമിത്രപൂൎവ്വം
ഉപകണ്ഠമണഞ്ഞപൌരരെന്ന്യേ
ക്ഷപയോടന്നവശിഷ്ടമാന്നതില്ല. (൩൨)
ധരണീശനുഷസ്സിൽവേണ്ടകൎമ്മം
പരമാസക്തികലൎന്നുചെയ്തശേഷം
പുരവാസികൾ പൂതിൽവമ്പരാം ഭ്രൂ-
വരരിക്കൂട്ടരെഴും സദസ്സിലെത്തി. (൩൩)

അവിടെ സഭയുടെ ശില്പവൈചിത്ര്യംനോക്കിക്കൊണ്ടു ധ
ൎമ്മപുത്രൻ ധൃതരാഷ്ട്രരുടെ അടുക്കൽ ഇരിക്കുമ്പോൾ സ്ഥാനഭ്രം

ശം ചെയ്യുന്നതിന്ന പ്രത്യക്ഷീഭവിച്ചശനിയെന്നപോലെ ധൎമ്മ പുത്രരുടെ എതിരെ ഉപവിഷ്ടനായ ശകുനി പ്രസംഗമാൎഗ്ഗേണ ദ്യൂതസംഗരത്തിൽ അഭിരുചി ജനിപ്പിച്ചു.

ഠരംശേച്ഛയാൽ സുമതിയെങ്കിലുമുള്ളിൽമോഹം
വേശിച്ചു ചൂതുപൊരുതിട്ടു മഹാസദസ്സിൽ
ദേശങ്ങളൊട്ടുവളരെപ്പണയത്തിലാക്കി
ക്ലേശിച്ചഹോ ശകുനിയാൽ ജിതനായ് നൃപാലൻ. (൩൩)
തന്നക്ഷമേകമതുകൊണ്ടു യുധിഷ്ഠിരാഖ്യൻ-
മന്നൻറെ സൎവ്വവിഷയങ്ങളെയുംഗ്രഹിപ്പാൻ
സന്നദ്ധനശ്ശകുനിയമ്പൊടുശക്തിമാനായ്
പിന്നദ്ഭുതത്തിനിതിലും വലുതെന്തുപാരിൽ. (൩൪)
തട്ടിച്ചുപണ്ടമഖിലംധനവുംകളിച്ചു-
മുട്ടിച്ചുരത്നഗണവുംസഹജാതരേയും
കുട്ടിക്കുരംഗമിഴിയാളെയുമാശുവാങ്ങി
പൊട്ടിച്ചിരിച്ചുസഭയിൽ സുബലൻറപുത്രൻ. (൩൫)
അഞ്ചാണുങ്ങളെവെച്ചുതൻ പതികളായ്
പോററുന്നൊരക്കള്ളിയാം
പഞ്ചാലാത്മജ ദാസിയായ് കുടമെടു
ത്തംഭസ്സു ചുമ്മീടുവാൻ
എഞ്ചാരത്തിഹ ചേൎക്കനീയവളെയെ
ന്നായ്യൻറയുഗ്രാജ്ഞയാ-
ലഞ്ചാതങ്ങെഴനേററു കാലസദൃശൻ
ദുൎബ്ബുദ്ധിദുശ്ശാസനൻ. (൩൬)
പാഞ്ചാലിയസ്സദസിഭീതിയൊടോടുമപ്പോൾ
പൂഞ്ചായലിൽ സപദികൈവിരൽവച്ചുകാവൻ.
നെഞ്ചെത്തു വെച്ചുനൃപ തമ്പികളൊക്കെ മൂക്കിൻ-
തുഞ്ചത്തു വെച്ചു സുരസിന്ധുജ മുഖ്യരപ്പോൾ. (൩൭)

ദുരാത്മാവായ ദുശ്ശാസനൻ ബലേന തലമുടിക്കു പിടിച്ചു വലിക്കയാൽ അണിഞ്ഞിരിക്കുന്ന മുത്തുകളെന്നപോലെ അശ്രുകണങ്ങളും സ്വേദകണങ്ങളും പൊഴിക്കുന്ന പാഞ്ചാലിയുടെ പാ

തി വ്രതൃഭംഗം ചെയ്യുന്നതിനായി അവളുടെ വസ്ത്രം അഴിക്കുന്നതിനാ ആരംഭിച്ചു.

വണ്ടാർ വേണി സദസ്സിവേവമവമാ
　　നപ്പെട്ടു സഭ്യൈൗഘവും
മിണ്ടാതപ്രിയരും വസിച്ചു വിധിയോ
　　ത്ഥപ്രാപ്തരായന്യരും
കണ്ടാമട്ടവൾ കൃഷ്ണനേശരണമെ
　　ന്നോൎത്തിട്ടു നീവിക്കുകെ
രണ്ടും വച്ചുകരഞ്ഞു കാക്കുകവിഭൊ ഹാ
　　കഷ്ടമെന്നുച്ചമായ്. (൧൮)

ലീലാമയൻ മുരഹരന്റെ കൃപാഖ്യമായ
പാലാഴിതൻ തിരകൾ പോലെ ദുകൂലജാലം
കാലാഭനസ്സഭയിൽ വസ്ത്രമഴിച്ചിടുമ്പൊൾ
ലോലാക്ഷി തന്നരയിൽ നിന്നുളവായ സംഖ്യം. (൧൯)

അഴിച്ചിടും തോറുമുദിച്ചു പൂന്തേൻ-
മൊഴിക്കു വേറെകമനീയവസ്ത്രം
മിഴിച്ചു നോക്കും ജനതയ്ക്കു ചിത്രം
വഴിഞ്ഞു ഹൃത്താരുകവിഞ്ഞുപൊങ്ങി. (൨൦)

ആൎക്കും തീരെ ദൃശ്യമല്ലാതെദൂര-
ത്താകാതോറുംവസ്ത്രമൊട്ടേറയേന്തി
അക്കാർവെണി ക്കംബര പ്രായമായീ
ചിക്കെന്നപ്പോൾ രണ്ടുമട്ടിൽസ്വമദ്ധ്യം. (൨൧)

വീണൻ ചിരം തുകിലഴിക്കിലു മല്ലൽതേടു
മേണാക്ഷിയാൾക്കവിടെ നഗ്നതയേകിയില്ല
ക്ഷീണിച്ചു തന്നുടൽ കുഴഞ്ഞുമഹീതലത്തിൽ
വീണിട്ടുലോകരുടെ ദന്തനിരയ്ക്കുതേകി. (൨൨)

ഭാൎയ്യയെ അവമാനിക്കയാൽ രോഷാകുലനായ ഭീമസേനൻ സഭയിൽ ഭയങ്കരമാകുംവണ്ണം ഇപ്രകാരം ഉച്ചത്തിൽ പറഞ്ഞു.

കണ്ണാലുരസ്സിലുതിരും പ്രിയതൻെറചുട്ട-
കണ്ണീരുപോലെ ദൃഢമെൻരസനേന്ദ്രിയത്താൽ
പെണ്ണിൻെറവാർമുടി പിടിച്ചുവലിച്ചിട്ടുന്നി-
പ്പൊണ്ണൻെറ മാറുനിറയും രുധിരംകുടിപ്പൻ. (൪൩)

എന്നുമാത്രമല്ല പോൎക്കളത്തിൽ, പൊയ്കയിലുള്ള താമരപ്പൂക്കളെ ആനയെന്നപോലെ ധാൎത്തരാഷ്ട്രന്മാരെ ധ്വംസനം ചെയ്യുന്നുണ്ട്. അൎജ്ജുനനും ഇപ്രകാരം ശപഥംചെയ്തു.

മുട്ടാളനാമരിസുയോധനനോടുകൂടി
മുട്ടാതസഭ്യമുരചെയ്തുകരങ്ങൾതമ്മിൽ
കൊട്ടിച്ചിരിച്ചരിപുകൎണ്ണനെയെൻെറവില്ലു
വിട്ടീടുമേയുധിനിരന്തരനിദ്രചെയ്വാൻ. (൪൪)

ദുര്യോധനൻ ഠരം വീരവാദം കേട്ടുഒട്ടും കൂസൽകൂടാതെ സന്തോഷാകുലനായി മതിമറന്നുമദിച്ചുതുടയിൽ താളംപിടിച്ചുരസിച്ചുകൊണ്ടിരുന്നു. അപ്പോൾ "ദുര്യോധനൻ തുടയിലടികൊണ്ടു മരിക്കട്ടെ" എന്നുപാഞ്ചാലി ശപിച്ചു. ഭീമാൎജ്ജുനന്മാരുടെ വീരവാദങ്ങളും പാഞ്ചാലിയുടെ ശാപവും കേട്ട് ധൃതരാഷ്ട്രദമ്പതികൾ ഭയപ്പെട്ടു. ശാന്തനായ ധൎമ്മപുത്രരാകാട്ടെ മുമ്പിലത്തെപ്പോലെ രാജ്യം ധൃതരാഷ്ട്രർകൊടുത്തിട്ട് ഇന്ദ്രപ്രസ്ഥത്തിലേക്കുതിരിച്ചു. ഉടൻ ബന്ധുക്കളുമായി ആലോചിച്ച് ധൃതരാഷ്ട്രർ വഴിമദ്ധ്യത്തിൽ നിന്നും ധൎമ്മപുത്രരെ തിരിയെ വരുത്തി വീണ്ടും സഭയിൽ പ്രവേശിപ്പിച്ചു.

ബോധത്തിൽ മുമ്പനവനെങ്കിലുമുഗ്രദ്ദ്യൂതം
ബാധിച്ചപോൽ നൃപതിദേവനകേളിവീണ്ടും
ബോധംവിനാതുടരവേനിജമാദ്ര്യവൎണ്ണ-
മാധിക്കുനീക്കിയതുതാൻ പണയത്തിനായി. (൪൫)

നിജവിരലുകൾകൊണ്ടുപാശിവീശി
സ്സുജനവിരോധികളിച്ചിട്ടുന്നനേരം
വിജയമതിനുപിമ്പിലായ്നൃപാലൻ
വിജയപുരസ്കൃതനെങ്കിലും വിചിത്രം. (൪൬)

ഉത്ഥാനംചെയ്തുഭൂപൻ രിപുവിനുവശമായ് -
  തീൻപാരിൽ സപാദം
കുന്താൻ പാടില്ലയെന്നോൎത്തനുജരോടുമുടൻ
  പത്നിയോടുംസമേതൻ
ഉത്താപം പൂണ്ടമാതാവിനെവിദുരകര
  ത്താരിലൎപ്പിച്ചുകാലാൽ
സത്യാത്മാവെത്തികാട്ടിൽ പുരജനമഖിലംക
  ണ്ടുകണ്ണീർപൊഴിച്ചു. (൪൯)

കാട്ടിൽതിന്നുതളൎച്ചുപൂണ്ടഹരിണക്കൂട്ടങ്ങളശ്ശാന്തനാം
നാട്ടിൻനാഥനെവില്ലുമമ്പുറയുമൊത്തെന്നാകിലും കാണ്കവേ
പെട്ടെന്നങ്ങെഴുന്നേററുതിന്നൊരു തൃണം വീണ്ടും ചവച്ചീടുവാ-
നാട്ടുംമോന്തകളാൽമണത്തുരവമോടേന്തും മരത്തോലിനെ.

പൊടിമണ്ണുകളിൽ പതിഞ്ഞകാലിൻ-
ചടരൂപങ്ങളവൻെറ സൽകൃതിയ്ക്കായ്
അടവിസ്ഥിതദൈവതങ്ങൾപാദ്യ-
ക്കുടമെത്തിച്ചതുപോലെയുല്ലസിച്ചു. (൫൦)

പാണ്ഡവന്മാർ ഭാൎയ്യയോടുകൂടി ക്രമേണ വിവിധങ്ങളായ വനപ്രദേശങ്ങളെ ലംഘിച്ച് ഗംഗയുടെ തീരത്തിൽഎത്തി. അവിടെ നിമഗ്നന്മാരായ ജനങ്ങളുടെ സംസാരചക്രങ്ങളൊ എന്നു തോന്നുമാറുള്ള ചുഴികളും വിടൎന്നു ഇടതിങ്ങിനില്ക്കുന്ന ചെന്താമരപൂക്കളും ചക്രവാകപക്ഷികളുടെ മധുരസ്വനങ്ങളും അവരുടെ നേത്രങ്ങളേയുംശ്രോത്രങ്ങളേയുംആകൎഷിച്ചു. അവിടെഅവർ സമാശ്വസിച്ച് സന്ധ്യാവന്ദനാദി കൃത്യങ്ങൾ ചെയ്തു രാത്രികഴിച്ചുകൂട്ടി. പിറേറദിവസം ധൎമ്മപുത്രർ കൂടെയുള്ള അസംഖ്യംബ്രാഹ്മണരുടെ വിശപ്പുതീൎക്കുന്നതിനു മാൎഗ്ഗമെന്തെന്നാലോചിച്ച് സൂൎയ്യനെസേവിച്ചു. സൂൎയ്യൻ പ്രസന്നനായി പ്രത്യക്ഷീഭവിച്ച് അക്ഷയമായ ഒരു അന്നപാത്രം കൊടുത്തു. അതിൻെറ മഹത്വത്താൽ പാണ്ഡവന്മാർ ചതുൎവിധവിഭവങ്ങളെക്കൊണ്ടു ബ്രാഹ്മണരെ തൃപ്തരാക്കി സുഖമായി വസിച്ചു.

അനന്തരം കാമ്യകമെന്നു പേരെഴും
വനത്തിലപ്പാണ്ഡവരെത്തിവാഴവേ
ഹനിച്ചുഭീമൻ സമരത്തിനുഗ്രമായ്
തുനിഞ്ഞകിമ്മീരനിശാചരേന്ദ്രനെ. (൧൦)

കല്ലുംമുള്ളുമെഴുന്നകെട്ടവഴിയിൽ
കൂടിക്കടന്നാശ്രപൻ
തെല്ലുംശ്രാന്തി നിനച്ചിടാതെ വലുതാം
ദ്വൈതാഖ്യമാംകാടതിൽ
കല്യാണാംഗിയുമായണഞ്ഞു മുനിമാർ
കൊണ്ടാടിയപ്പിച്ചനൽ-
കല്യാണപ്രദമാംകിഴങ്ങുകളശി
ച്ചുല്ലാസമാർന്നീടിനാൻ. (൧൧)

അടവിയിലഥ വേദവ്യാസനാം മാമുനിക്ക-
ളളടികളുടെ നഖത്തിൻ കാന്തിയാൽ പാണ്ഡവന്മാർ
ജടില മുടികളാകും മഞ്ജു വല്ലിപ്പടപ്പിൽ
ചടുല കുസുമജാലം സംഭവിപ്പിച്ചുചെമ്മേ. (൧൨)

ഭുവി മുനി വരയൂഥ മുഖ്യനാകും
കപികുടിയാകിയ ചോതിയിൽ കടക്കേ
വിവശത പെരുകീട്ടനല്പമുണ്ടാ-
യവരുടെലോചനമായ ദിക്കിൽ വർഷം. (൧൩)

വരമുനി തന്റെകാന്തി ചിന്നിയംഭോ-
ധരമുളവാക്കി മനോജ്ഞമായമട്ടിൽ
ഗിരമരുളിയുഴന്ന പാത്ഥരാകും
കുരവകുലത്തെ യശോകമാക്കി വേഗം. (൧൪)

മുനീശ്വരൻ നൽകിയ ശൈവവിദ്യയോ-
ടനുജ്ഞവാങ്ങിഗ്ഗുരുവോടു സാദരം
ധനഞ്ജയൻ പാശുപതം ലഭിക്കുവാൻ
പിനാകിസേവയ്ക്കു ഹിമാദ്രി പൂകിനാൻ. (൧൫)

മലയിലവിടെ മഞ്ഞുകൊണ്ടുശോഭാ
നിലയനമാമിതരാംഗമൊക്കെനീക്കി

അലസമിഴികളാന്ന ചുടെഴും പോർ-
മുലകളൊടൊത്തു വസിച്ചു യക്ഷസംഘം. (൭൩)

അക്കനിടിച്ചു മുലയുണ്ടിളയായ പൈയ്യിൻ-
പൈക്കുട്ടിയായ് മണിരസപ്പുതുപാലനല്പം
ഉൾക്കൊണ്ടതസ്ഥില യലിഞ്ഞൊരു ചോലയാക്കി-
ക്കാക്കന്നുവോ കുഹരമാം നിജവായിൽ നിന്നും. (൭൧)

കൊണ്ടാടിയാ മലയിലജ്ജുനനേറിയാസ്യ-
ത്തണ്ടാരിലാണ്ടനവ ഘമ്മജലം മരന്ദം
ഉണ്ടാകെ മോഹനനിളം പവനൻ തദാനീം.
വണ്ടാർവരൻെറ സമതയ്ക്കു കൊതിച്ചിടുന്നോ? (൭൫)

തേജോരാശികളായ് ശിവാഹ്വയമൊടീ മൂപ്പാ
രുകൾക്കീശരായ്
ഭ്രാജിക്കുന്നിരുവക്കുമേകി തനുവായ്ത്തീ
ത്തിട്ടുശോഭിക്കയാൽ
യോജിക്കാനുടലാവിധം മുനിവര ദ്വന്ദ്വ
ങ്ങൾശീതാദ്രിയിൽ
പൂജിക്കുന്നാ തപോവനത്തെ വഴിപോൽപാത്ഥ
ൻനമിച്ചീടിനാൻ. (൭൬)

ഒരു പിടിനവദർഭതേടിയെത്തും
ഹരവൃഷഭത്തിനു കാഴ്ചവയ്ക്കുവാൻ പോൽ
ഉരുതപമതി ദുഷ്കരം തുടങ്ങി
കുരുവരനീശപദത്തിൻ വച്ചുചിത്തം. (൭൭)

അടിമുഴവനരാതിവെന്നു പാരിൽ
തൊടുവതു നിന്ദിതമെന്നുറച്ചപോലെ
കടുതപമതിനുള്ള വസ്ഥയിങ്കൽ
പടുമതിതൻെറ പദാഗ്രമൂന്നിനിന്നു. (൭൮)

അനഘൻ നിടിലം പൊരിച്ചിടുന്നാ-
ദ്ദിനരത്നത്തിൽ നിജാക്ഷി വച്ചുനില്ക്കെ
വനമേകുക വീണ്ടുമുണ്ണുവാനെ-
ന്നനലൻ ക്രൂരൊടണഞ്ഞപോലെചുററി. (൭൯)

ധനഞ്ജയാഖ്യയോടെഴുന്ന ബാന്ധവംനിമിത്തമോ
ധനഞ്ജയന്റെ നാലുപാടുമഗ്നിചുററിതൽക്ഷണം
നിനക്കു പുത്രനായ് പിറന്നവൈരിയംഗരാജനെ-
ന്നിനന്റെമണ്ഡലത്തിലക്ഷിവെച്ചുവോരുഷാന്ധനായ്.

അംഗങ്ങളേഴകലരും മുനിമന്ത്രമന്ത-
രംഗത്തിൽ വച്ചു ശിവ പൂജകഴിച്ചുപാൎത്ഥൻ
ഭംഗ്യാധരിച്ചു ജടയേഴ മഹൎഷിമാൎക്കും
ഭംഗംവരും പടികഠോര തപസ്സു ചെയ്താൻ. (൩൪)

ഫലംപൎണ്ണംതോയം പവനനിവയെ തള്ളിമുറപോ-
ലലംഘ്യാത്മാവായിക്കടുതരതപം ചെയ്യുമളവിൽ
ചലിച്ചില്ലാശ്ചൎയ്യം വിഷയമതിലൊട്ടക്ഷഗുണമാ-
വലദ്ചിട്ടിൻ കുട്ടിക്കവന്റെ കരാഗ്രത്തിലൊഴിയേ. (൩൫)

ചരണമതിനെഴുന്ന തുമ്പുമാത്രം
ധരണിയിലൂനിയവൻ ഫലാൎത്ഥിപോലെ
കരയുഗള മുയൎത്തിവൻ തപസ്സാൽ
പരശിവനെ ക്കരുണയ്ക്കു ധീനനാക്കി. (൩൬)

മരുത്തടക്കീട്ടു തപസ്സു ചെയ്യും
കുരുപ്രവീരന്റെ ശിരസ്സിൽ നിന്നും
കുരുത്തിടും തീപ്പൊരിയാന്ന ധൂമം
വരുത്തിമേനിക്കു ധനഞ്ജയതപം. (൩൭)

ആവൻപന്റെ തപഃപ്രഭാവമഖിലം ശ്രീ
നാരദൻചൊല്ലിയ-
ദ്ദേവൻകേട്ടു ജഗത്രയത്തിനധിപൻ
കാരുണ്യപൂൎണ്ണാശയൻ
ദേവിക്കുജ്ജ്വല ദൎശനത്തിലുയരും കൌ
തുഹലം ദൃഷ്ടിതൻ-
ഭാവംകൊണ്ടു ധരിച്ചുലുബ്ധകതയെപ്പൂണ്ടാൻ
വരം നൽകുവാൻ. (൩൮)

മോടിക്കാന മുഖന്റെ കനാമതിലെപ്പു
കത്തിനാൽപൊട്ടുതൊ-

ട്ടാട്ടം ചാരുകുമാര വാഹനമതിൻ പി
ഞ്ഛങ്ങൾ ചാർത്തിദ്രുതം
ചൂട്ടം നിമ്നഗതൻ കരയ്ക്കു വളരും
വൃക്ഷത്തിലേക്കൊമ്പൊടി-
ച്ചാടയ്ക്കാക്കി വിളങ്ങി കാർമ്മുകവുമായ്
വേടത്തിയും വേടനും. (൯൯)

വരൻ പുമാൻ തൻശബരാകൃതിക്കഹോ
ശിരസ്സിൽ മിന്നും ശശിഖണ്ഡമണ്ഡനം
ധരിക്കുമാദ്യക്ഷര മങ്ങെടുത്തുവോ
കിരാതനും ഭൂഷണമസ്ഥിഖണ്ഡമായ്. (൧൦)

ഭഗവാൻ ശ്രീ പരമേശ്വരൻ കിരാതമൂർത്തിയായി അപ്ര കാരമുള്ള പാർവ്വതിയോടുകൂടി കൈലാസ പർവ്വതത്തിൽ നിന്നു പുറപ്പെട്ടപ്പോൾ പ്രമഥഗണങ്ങളും കാട്ടാളവേഷം ധരിച്ച് അ ദ്ദേഹത്തിന്റെ പുറകെതിരിച്ചു. വേദങ്ങളാകുന്ന പട്ടികൾ വെളിയിലേക്കു തൂങ്ങുന്നനാക്കിന്റെ അഗ്രത്തു നിന്നും ലാല കളെ വഴിയിൽ പൊഴിച്ചുംകൊണ്ടും ഓട്ടത്താൽ അധികമായ് അണച്ചുംകൊണ്ടും അവിടവിടെയുള്ള കാടുകളിൽ ഹിംസ്രമൃഗ ങ്ങളെ തേടി ഹുങ്കാരംചെയ്തുംകൊണ്ടും സഞ്ചരിച്ചു. ഭഗവാ ന്റെ മാൻകുട്ടി ദീപകമൃഗംപോലെ മുമ്പിൽ നടന്നു. ദേവന്മാർ ഹിമവാന്റെ താഴ്വരകളിലെല്ലാം കല്പകപ്പൂക്കൾ പൊഴിച്ച് മ ഞ്ഞുകൊണ്ടു നടക്കുന്നതിനുണ്ടായ ബുദ്ധിമുട്ടിനെ പരിഹരിച്ചു. മാർഗ്ഗത്തിലുള്ള കാടുകളിൽ വസിക്കുന്ന കാട്ടാളന്മാർ അപരിചി തനായ ഒരു കിരാതനെ കണ്ടിട്ട് കോപിച്ചു നടക്കുന്നതിനു ശ്രമി ക്കയും അനിർവാച്യമായ ഒരു തേജോവിശേഷത്താൽ പ്രതിഹത ന്മാരായി മന്ദിച്ചു നോക്കിക്കൊണ്ടു നില്ക്കയുംചെയ്തു. ആകാശ ത്തിൽ നാരദാദി മഹർഷികൾ ഭഗവാനെകണ്ടിട്ട് തലയിൽ കൈ കൂപ്പിക്കൊണ്ടു ഹർഷാശ്രുക്കളോടുകൂടി 'ജയവിജയീഭവ' എന്ന് ഉ ച്ചത്തിൽ ഘോഷിച്ചു. ഇപ്രകാരം ലോകപിതാക്കളായ അവ ർ ഓരോ ദേശങ്ങളെക്കടന്ന് അർജ്ജുനന്റെ തപോവനത്തിൽ പതുക്കെപ്പതുക്കെ ചെന്നുചേർന്നു.

ജടയടിവരെമുട്ടീട്ടാതപംമാത്രമുണ്ടി-
ട്ടുടലതികൃശമായി കൈകൾമേല്പോട്ടുയൎത്തി
കടുതപമൊടു നില്ക്കുംപാൎത്ഥനെകണ്ടുദേവി-
യ്ക്കുടനെയൊഴുകിമുന്നായ് പുത്രവാത്സല്യമുള്ളിൽ. (൧൫)
അടിയുടെപതനത്താലൂഴിമന്ദിച്ചുരുട്ടാൽ
കുടിലനടവിവാഴും ക്രൂരനാംപന്നിയേകൻ
പടുഘുരഘുരശബ്ദം പൂണ്ടമുക്കോട്ടുക്രുടീ-
ട്ടടജമഹിയിൽ വന്നാനൎജ്ജുനൻതന്റെ മുന്നിൽ. (൧൬)
അതിദാരുണനായ പന്നിയെക്കാ-
ണ്ടതിഭീയാണ്ടു മൃഗങ്ങളൊക്കെയോടി
പതഗങ്ങൾ കരഞ്ഞുനിഷ്ഠുവേഗം
മതിയാക്കീട്ടുതപസ്സിവില്ലെടുത്തു. (൧൭)
കിടിയുടെകഥതീൎപ്പാനൎജ്ജുനൻ വില്ലുമായ-
ത്തടിയനുടെയടുക്കൽ ചെന്നനേരത്തുതന്നെ
തുടരുമനുചരന്മാരോടുക്രുടീട്ടുവേടൻ
പടുമതിയുമടുക്കൽ ചാപമേന്തീട്ടണഞ്ഞു. (൧൮)
മുനിഹതകവിടൊല്ലബാണമെന്നാ-
ലനുഗതമാമിതിലെന്നു വേടവാക്യം
മനതളിരിനു ലക്ഷ്യമാക്കിടാതാ-
വനകിടിയെസ്സ്വലക്ഷ്യമാക്കിപാൎത്ഥൻ. (൧൯)
കുരുവീരനുമീശനുംകയൎത്തി-
ട്ടൊരുമിച്ചെയ്ത ശരങ്ങൾരണ്ടുമെത്തി
ഒരുപോലെ പകുത്തതിന്റെയായു-
സ്സിരുപേൎക്കൊപ്പുകഭ്രുതിപോൽഗ്രഹിച്ചു. (൨൦)
അൎജ്ജുനൻ കുപിതനായെങ്കിലും തപസ്സിന്റെ ശാന്തത
യെ സ്മരിച്ചിട്ട് അധികം കയൎപ്പുംക്രുടാതെ ഇങ്ങനെപറഞ്ഞു.
എന്നാശ്രമത്തിലിതുവന്നു ശരവ്യമാക്കി
മുന്നംശരം ശബര! ശബരപിന്നിതിലെയ്തമൂലം
ഇന്നോൾക്കണം വിശിഖമോമമശാപമോനീ
യെന്നാലുമെൻ വ്രതളജോഷ്മകളാൽസഹിച്ചേൻ. (൨൧)

മുനിയുടെ ഠരം അഹങ്കാരവചനം കേട്ടു് വേടൻ മന്ദഹാസത്തോടുക്രൂടി പറഞ്ഞു.

കരുത്തും ജനങ്ങൾ മൊഴികൊണ്ടുനിന്നൊന-
ല്ലൊരുശാന്തനെന്നു മൃഗഹിംസസജ്ജനം
അരുളുന്ന വേടനുടെയോതപസ്വിയാം
പുരുഷൻെറയോ ഭുവിയേവൻെറധമ്മമായ്. (൬൮)

തൻെറ കുലാചാരത്തെ അല്പംപോലുംതെററാതെ പരിപാലിക്കുന്ന എന്നോടു നീതികേടുകാണിക്കുന്ന നിനക്കുതപസ്സിലെന്നപോലെ ബാഹുവിൽ എത്രത്തോളം അഭിമാനം പ്രകടിപ്പിക്കാൻ കഴിയും.

നീകുമ്പുകെട്ടി മൃഗഹിംസയിൽ നല്ലപോലെ
ഹേകാട്ടിൽനിന്നുടെതപസ്സതിശുദ്ധമത്രെ
പോകട്ടെകാര്യ്യ മതുപന്നിയെ നിഗ്രഹിപ്പാ-
നേകേണമെൻകണനിനക്കുമുനേ!സഹായം. (൬൯)

അല്ലെമുനേയരികിൽ വന്നിഹനല്ലവാക്കു
ചൊല്ലെന്നൊടീ വചനരീതി വെടിഞ്ഞുവേഗം
പുല്ലാണുനീയിവനു കണ്ണുചുവക്കിലല്പം
വല്ലാതെയന്തകനുമൊന്നു വിറസ്സുമപ്പോൾ. (൭൦)

കാട്ടാളൻെറ ഠരം ആത്മപ്രശംസകേട്ടു ശങ്കിച്ചിട്ടു് അജ്ജുനൻ പറഞ്ഞു.

കൂടെച്ചരിക്കുമിവരിൽ കുതുകം വളത്തി-
ക്കൂട്ടുന്നഗവ്വോടിതു നീയുരചെയ്യുമൂലം
വേടത്തിതൻ കവിളുരണ്ടിലുമൊത്തുമിന്നി
യാട്ടുന്നതോടകൾ സഹിക്കുകയില്ലതെല്ലും. (൭൧)

എന്നിത്തരം ശ്രവണദുസ്സഹവാക്കുഭൃത
വൃന്ദങ്ങൾ കേട്ടരിശമാണ്ടവനെത്തുലയ്ക്കാൻ
മന്ദേതരം പകുതിയമ്പുവലിച്ചെട്ടക്കെ
നിന്നീടിനാർ ഗിരിജതൻ ചിരികണ്ടടങ്ങി. (൭൨)

കുരുവരൻ ശബരാകൃതിയീശനെ-
ന്നിരുവരും ശരമെയ്തു പരസ്പരം
പൊരുതു ദേവഗണങ്ങൾ രസിക്കുമാ-
റുരുതരോഗ്രജപത്തൊടനന്തരം. (വൃന്ധ)

തങ്കാതിൽവച്ചജപമാലയുമായുരുമ്മി-
ക്കൊങ്കാദിതൻ ചിറകടന്നശരങ്ങൾ തൂകി
അംഗാരനേത്രനെമറച്ചുകിരീടിപൂജാ-
ലിംഗംതദീയ മലരിട്ടുമറച്ചിടുംപോൽ. (വൃർ)

ശ്രീദപ്രിയൻ ശരമൊടൊത്തധനസ്സതെല്ലു
ഭേദിച്ചമട്ടൊട്ടു വലിപ്പതുകണ്ടുഗൌരി
ഖേദിച്ചു"യാതഇഷു"വെന്നതുടങ്ങിയുള്ള
വേദംജപിച്ചുകുരുവീരനമംഗളാത്ഥം. (വൃ൭)

ജവമോടു വലിയ്ക്കിലെന്തുചാപം
ശിവനപ്പാത്ഥനിലെത്രയുംകൃപാവാൻ
അവനിൽ ചിലതേററിമെല്ലെയമ്പിൻ-
നിവഹത്തിൽചിലതൊട്ടുമാററിവിട്ടു. (വൃന്ത)

ഉദഗ്രനാം മുനിയുടെമാൎഗ്ഗണൗഘമ-
ങ്ങദൃശ്യമായ് ശിവനുടെമെയ്യിലെത്തവേ
ഉദാരനാം നരനെവെടിഞ്ഞു ചെന്നപി-
ന്നുദിപ്പതെങ്ങിനെവലുതായലുബ്ധനിൽ. (വൃ൬)

രണ്ടുതൂണിയുമൊഴിഞ്ഞുകോപമുൾ-
ക്കൊണ്ടുകാൽവിരലുമൂന്നിനിന്നവൻ
കണ്ടുനില്ക്കുമലമങ്ക,ഗാണ്ഡിവം
കൊണ്ടുതല്ലിഗിരിശന്റെ മൌലിയിൽ. (വൃവ്വ)

വില്ലുകൊണ്ടുഹരിനന്ദനനേകം
തല്ലുകൊണ്ടുഹരമൌലിയിൽനിന്നും
ഉല്ലസിച്ചു ഭുജഗങ്ങളിൽ മേവും
കല്ലുതിന്ന വളരെക്ഷതജംപോൽ. (വൃൻ)

വേടന്റെയുള്ളിൽ വിജയപ്രഹരങ്ങളേറ്റു
കൂട്ടുന്നമോദജലധിക്കു ഗജാസ്യബാലൻ
ചൂട്ടുന്നഗംഗയുടെ തീരമടിച്ചുകേളി-
യാടീട്ടയന്നുകുതുകം കിണ്ണമായിഭവിച്ചു. (൩൦)

ഖാണ്ഡവവനത്തിൽവച്ചു തക്ഷകപത്നിയെ കൊല്ലുന്നതിന്നു സഹായിക്കയാൽ തങ്ങളുടെ കുലവിരോധിയാണെന്നു വിചാരിച്ച് ശിവന്റെ ജടാവനത്തിലുള്ള പാമ്പുകളാൽ ഭക്ഷിക്കപ്പെട്ടുവോ എന്നു തോന്നുമാറ് അർജ്ജുനന്റെ ഗാണ്ഡിവം അദൃശ്യമായിത്തീൎന്നു. അർജ്ജുനൻ അതു ദൈവവിരോധമോ അതോ കാട്ടാളന്റെ മായയോ എന്നു ചിന്താകുലനായി ഭവിച്ചു എങ്കിലും ധൈൎയ്യമവലംബിച്ച് "അർജ്ജുനനെ ജയിച്ച് കീൎത്തിനേടാൻ ആഗ്രഹിക്കുന്നുവോ" എന്നു പറഞ്ഞിട്ട് ആ പരമശിവനുമായി ബാഹുയുദ്ധത്തിന് ആരംഭിച്ചു.

ഗിരിശന്റെ യിടത്തുമാറിലുഗ്രം
കുരുവീര പ്രഹരം പതിച്ചനേരം
ഗിരികന്യകതൻ വെള്ളത്തകുന്നി-
ക്കുരുവിൻ മാലകൾ ചിന്നിവീണുതാഴെ. (൩൧)

അനശനമതിനാൽ കൃശത്വമാളും
മുനിയുടെനെഞ്ചിലിടിച്ചു മെല്ലെരുദ്രൻ
മനസി മരുവിടും തനിക്കുതെല്ലും
വിനയരുതെന്നൊരു ചിന്തപൂണ്ടപോലെ. (൩൨)

ഇപ്രകാരം അന്യോന്യം മുഷ്ടികൊണ്ടുപ്രഹരിച്ച് അൎജ്ജുനനും കിരാതനും ഒരു കൈകൊണ്ടു ജടയിലും മറേറ കൈകൊണ്ടു കഴുത്തിലും പിടിച്ച് പൎവ്വതത്തിന്റെ അധിത്യകയിൽ പതിച്ചു. അപ്പോൾ ഗുഹകളിലുള്ള സിദ്ധദമ്പതികൾ പൎവ്വതം മുഴവനും കുലുങ്ങുകയാൽ ഞെട്ടുങ്ങീട്ട് അയ്യയ്യോ എന്നു നിലവിളിച്ചു. ഗംഗാതീരത്തുള്ള വനത്തിലെല്ലാം തിരമാലകൾ കരകവിഞ്ഞു വളരെദൂരം അതിശക്തിയോടുകൂടി പാഞ്ഞു മുനികളുടെ പൎണ്ണശാലകളെ ധ്വംസനംചെയ്തു.

വമ്പൻശിവൻ തദനുവീശി വലിച്ചെറിഞ്ഞു
കമ്പിട്ടു മൂർച്ഛയൊടു വീണുകിടന്നുപാൎത്ഥൻ
തൻപുത്രിതൻവരനൊടിട്ടുരവസ്ഥചൊൽവാ-
നൻപൊട്ടുടിപ്പതിനു കുന്നൊടുരച്ചിട്ടുംപോൽ. (൯൩)

പോരിൽ കിരീടിയുടെ നിസ്തുലശക്തികണ്ടു
ഗൌരീസഹായനഥ വിസ്മിതനായ്നിതാന്തം
നീരാൽപരുക്കൾ നനയുന്നതുമോൎത്തിടാതെ
പാരം കുലുക്കിനദിയാണ്ട ശിരസ്സുവീണ്ടും. (൯൪)

ഇപ്രകാരം അൎജ്ജുനൻ അവിടെകിടന്നു് ചേതനയറ്റു വളരെ സ്വാഗതം പറഞ്ഞു് പതുക്കെ എഴുനേററു നോക്കിയപ്പോൾ മുമ്പിൽ ദൃശ്യമായ കാഴ്ച അത്യന്തം വിസ്മയനീയമായിരുന്നു. മണിനാദം പോലേയുള്ള കണ്ഠഗൎജ്ജിതത്താൽ ചെവികളെ അമൃതിനെ ഒഴിക്കുന്ന കാളയുടെ പുറത്തു ഭഗവാൻ ശ്രീപരമേശ്വരൻ പാൎവ്വതീസമേതനായി സ്ഥിതിചെയ്തിരുന്നു. കക്ഷങ്ങളിൽ കൂടി നീട്ടിയിരിക്കുന്ന പാൎവ്വതിയുടെ കൈകളിലെ നഖങ്ങളാൽ അദ്ദേഹത്തിൻെറ മാറിൽ ഹാരരത്നങ്ങൾ ദ്വിഗുണീഭവിച്ചിരുന്നു. സ്വാമിയുടെ ആജ്ഞാവശംവദന്മാരായി നന്ദികേശ്വരനും ഭൃംഗിയും രണ്ടുപാൎശ്വങ്ങളിലും നിന്നിരുന്നു. ദേവന്മാർ ഭഗവാൻെറ ശിരസ്സിൽ പുഷ്പവൃഷ്ടിചെയ്തുംകൊണ്ടിരുന്നു. കിരാതരൂപികളായ വേദപുരുഷന്മാർ രുദ്രം ജപിച്ചുംകൊണ്ടിരുന്നു. ആകാശത്തിൽ അടുത്തുനിന്നു് തുംബുരുനാരദാദികൾ വീണവായിച്ചു് സ്തുതിച്ചുംകൊണ്ടിരുന്നു. ചന്ദ്രരശ്മിയുടെ തണുപ്പു് സഹിക്കാൻ വയ്യാഞ്ഞിട്ടെന്നപോലെ മന്ദഹാസം അധരപുടത്തിനകത്തു മറച്ചിരുന്നു. ഇപ്രകാരമിരിക്കുന്ന ഭഗവാനെ കണ്ടു് അൎജ്ജുനൻ സന്തോഷാശ്രുക്കളെ പൊഴിച്ചുംകൊണ്ടു രോമാഞ്ചാവൃതനായി അടുത്തുചെന്നു് പാദാരവിന്ദങ്ങളിൽ അസംഖ്യം പ്രാവശ്യം നമസ്കരിച്ചു. പിന്നിട്ടു് ഇപ്രകാരം അപേക്ഷിച്ചു.

അല്ലേമഹേശ! ഭഗവാനെയിവൾ ദുഷിച്ചു-
ചൊല്ലിമറിച്ചു കണയാൽ പ്രഹരിച്ചുവില്ലാൽ

തല്ലീകരാംഗുലികളാലടിയന്റെതെററി-
തെല്ലാംപൊറുക്കകൃപാലയ മൂഢനീഞാൻ. (൩൭)

ഠരം വാക്കുകൾ കേട്ട് കൃപാലുവായ ആ പരമശിവൻ തി ളിരുപോലെയുള്ള കൈത്തലങ്ങളാൽ അവന്റെ അംഗങ്ങളെ തലോടി വേദന ശമിപ്പിച്ചിട്ട് പറഞ്ഞു.

മണ്ടയ്ക്കുചാപവടിയാലടികൊണ്ടുഹൃത്തി-
നുണ്ടായ പോലെകുതുകം തവഭക്തികൊണ്ടും
ഉണ്ടായതില്ലമമനിന്റെ തപഃപ്രഭാവം
കൊണ്ടുംകുമാരകുസുമാച്ചനകൊണ്ടുമിപ്പോൾ. (൩൮)
ഉടൻധനുസ്സും വിശിഖങ്ങളും ശിവൻ
മിടുക്കനാംപാൎത്ഥനു നൽകിവില്ലിനാൽ
അടിച്ചരീതിക്കൊരു പാരിതോഷികം
കൊടുത്തിടും പോലെ നിജാസ്ത്രമേകിനാൻ. (൩൯)

ചൊല്ലുൾക്കൊണ്ടപാശുപതമാം വിശിഖംലഭിച്ചു
നോക്കാനൊരാൾക്കുമരുതാത്തമഹസ്സുനേടി
ദൃക്കിന്റെ പീലിയിളകാതെകിരീടിനില്ക്കെ
മുക്കണ്ണനീശനനുഗാമികളോടകന്നാൻ. (൪൦)

---

## ൭-ാം സ്തബകം.

തദനുമുനിജനത്തിൻ മംഗളാശിസ്സുവാങ്ങി
ത്രിദശപതിപറഞ്ഞിട്ടൎജ്ജുനൻ മോദവാനായ്
സ്വദമതിലനിലൻതൻ മുമ്പെഴുംതേരിലേറി
ത്രിദശപുരമണഞ്ഞാൻ താതസൂതോപസേവ്യൻ. (൧)

സാദരംദിവിധനുൎദ്ധരനേററം
മോദമാൎന്ന വിബുധപ്രവരന്റെ
പാദതാരിണപിടിച്ചു നിജാഖ്യാ-
പാദമോടു വിജയൻ കരുവീരൻ. (൨)

കരത്തിനാൽ മേനിതലോടിയിഷ്ട്യയുടം-
ക്കരുന്നിനേകിട്ടു ജയന്തനാദരാൽ
സുരോത്തമൻ ദേവമഹാസദസ്സിൽവ-
ച്ചിരുത്തിയദ്ധ്യാസനസീമ്നിപുത്രനെ. (൩.)

കരുപതിശംബരൻതൻ ബാണമേററിട്ടുമെയ്യിൽ
കുരുനിരകൾ പഴുത്തിട്ടിന്ദ്രനോടൊത്തിരിക്കെ
ഒരുമയൊടു കട്ടപ്പാന്തന്നൊയാമെയ്യിൽവാനോർ-
തരുണികൾ കടുവഞ്ജം തോററനേത്രങ്ങൾവിട്ടാർ. (൪)

തുംഗപ്രമോദമുളവായ് വിജയൻപറഞ്ഞി-
ട്ടംഗാരലോചനനമായ് സമരംതദാനീം
അംഗത്തിലൊക്കെ നിറയും പുളകത്തിനുണ്ടായ്
ഭംഗംഹരിക്കുമിഴിയെങ്ങുമിരിക്കമൂലം. (൫)

വാനിൻപുരാൻെറ മൊഴി കേട്ടു സദസ്സിൽനിന്നു-
മാനപ്പുറത്തവനെയേററി മകൻജയന്തൻ
മാനിച്ചുമഞ്ജുശുഭവാദ്യരവാമുഴക്കി-
മേനിപ്പെട്ടം വലിയമാളികതന്നിലാക്കി. (൬)

വന്ദിച്ചുകാലടിയിൽ വീണ പൃഥാകുമാര-
നിന്ദ്രാണിയീടെഴമനുഗ്രഹമേകിപിന്നെ
മന്ദാരപുഷ്പമതിലേപ്പൊടികൊണ്ടു നെററി-
ക്കിന്ദുപ്രഭൻ സുതനുരക്ഷയുമിട്ടുക്രേറാൽ. (൭)

തങ്കംതൊഴുന്ന രുചികൊണ്ടു ജയന്തനെന്നു
ശങ്കിച്ചു പാർത്ഥനുടെ പേരുരചെയ്യുതിങ്കൽ
മങ്കസ്സുതെററുകൾവരാതെയവൻതടുത്താൻ
തങ്കയ്യിൽ ഞാണടികളേററതഴമ്പുമൂലം. (൮)

കോകിലങ്ങൾ പണിയുന്നമഞ്ജുമധുരസ്വരം
ചെവിയിലേൾക്കയാൽ
നാകവാസികളശേഷവും സുധവെടിഞ്ഞു
ടുത്തുമരുവീടവേ

പാകശാസനനിൽനിന്നു ശസ്ത്രകലപോലെ
ഗായകനിൽ നിന്നുടൻ
സ്വീകരിച്ചുദിവിഗീതവിദ്യകളുർവീശ
മൌലിവിജയൻ തദാ. (൯)

പാൎത്ഥന്റെ സുന്ദരതകണ്ടു രഹസ്യകേളി-
ക്കൎത്ഥിച്ചുകാമവതിയുൎവ്വശികോമളാംഗി
വ്യൎത്ഥീഭവിച്ചതുനിമിത്തമവന്റെ ദേഹ-
മൎദ്ധാബ്ദമോടവൾ നപുംസകമാക്കിശാപാൽ. (൧൦)

വൃത്രവൈരിയിതു കേട്ടുചൊല്ലിനാ-
നത്തലെന്തിനു വിരാടപത്തനേ
ചിത്രസേനനുടെഗീത വിദ്യയോ-
ടൊത്തിതേററമുപകാരമായ്വരും. (൧൧)

അൎജ്ജുനൻപിന്നിട്ട് ദേവേന്ദ്രനോട്ട് അസ്ത്രവിദ്യ അഭ്യസിച്ചു. അതിന്റെ സമാപ്തിയിൽ ഗുരു ദക്ഷിണയായി ശത്രുകുലത്തെ നശിപ്പിക്കണമെന്ന് ദേവേന്ദ്രൻ സുരസഭയിൽവച്ച് അൎജ്ജുനനോട്ട് അപേക്ഷിക്കയും തന്റെ കിരീടത്തെ തലയിൽ നിന്ന് എടുത്ത് അൎജ്ജുനന്റെ തലയിൽ വയ്ക്കുയുംചെയ്തു. അൎജ്ജുനൻ മാതലിയുടെ സാരഥ്യത്തോടുകൂടിയ തേരിൽ കയറി പുറപ്പെട്ട് ആകാശമാൎഗ്ഗം ലംഘിച്ച് ഞാണൊലികൊണ്ട് ദിക്കുകളെല്ലാം ശബ്ദായമാനമാക്കിത്തീൎത്തു. മുമ്പുകേട്ടിട്ടില്ലാത്ത ഗാണ്ഡിവശബ്ദംകേട്ട് അഹമഹമികയാ ഒന്നിച്ചു യുദ്ധത്തിനു തയ്യാറായിവന്ന നിവാതകവചന്മാരെ അൎജ്ജുനൻവാളുകൊണ്ടരിഞ്ഞു് പലരക്തപ്രവാഹങ്ങളെ നിൎമ്മിച്ചു. ഈ വൃത്താന്തം കേട്ട് കാലകേയന്മാർ രോഷാകുലന്മാരായിവന്ന് ഭയങ്കരമായി യുദ്ധംചെയ്കയും അൎജ്ജുനൻ അവരേയും നിശ്ശേഷം നശിപ്പിക്കയുംചെയ്തു.

അനിലനുപറപ്പിക്കാൻ വയ്യാത്തശാരദപയോദമാ-
യനിശമണയാതുദ്യൽ ഭാസ്സായതാരക സമൂഹമായ്
ദനുജവരരെക്കൊന്നിട്ടുണ്ടായ കീൎത്തിനിരയെപ്പൃഥാ-
തനയനമലൻ ദ്യോവിൽ സ്ഥാപിച്ചു വൻപൊടുവിളങ്ങിനാൻ.

അരിയുടെകുലചെയ്തു പാണ്ഡുപുത്രൻ
തിരിയെ മടങ്ങിയനേരമാനന്ദത്താൽ
ററരിവിബുധരുമായ് പൊഴിച്ചകണ്ണീ-
രൊരിടവുമില്ല നനച്ചിടാതെമെയ്യിൽ. (൫൩)

പഞ്ചായുധപ്പനിയമത്ത്യപുരത്തിലുള്ള
പഞ്ചാരവാണിമണികൾക്കുളവാക്കിവാനിൽ
അഞ്ചാണ്ടുവാണു വിബുധസ്തവരോ മഹഷാൽ
തഞ്ചാപമൌവ്വിയുടെ പാട്ടുമറച്ചുപാത്ഥൻ. (൫൪)

പാത്ഥന്റെവാത്ത മുനിരോമശനോതിമോദം
പൃഥ്വീശനാണ്ടു് നിജസോദരരോട്ടുകൂടി
തീത്ഥങ്ങളാടി മുനിസേവനമാചരിച്ചി-
ട്ടെത്തീടിനാൻ ബദരികാശ്രമപുണ്യഭൂവിൽ. (൫൫)

ചിത്തിൻ ചിത്തം ലയിക്കും മുനികൾ ചുഴലും
നിന്നുവന്ദിച്ചുമാറാ-
തോത്തിട്ടുള്ള തപസ്സാൽ വിലസിനനരനാ
രായണന്മാരെമുന്നിൽ
പൃഥ്വീന്ദ്രൻകണ്ടുഹൃത്താൽ ക്ഷമയെയിടവിടാ
തൊന്നിനെത്തൊട്ടിരിക്കെ
പ്പേത്തും മറെറാന്നിനെത്തന്നുടെകരചരണാ
ദ്യഷ്ടകം കൊണ്ടുതൊട്ടാൻ. (൫൬)

ഭവസരണിയിലുള്ള പാത്ഥലോക-
ക്ലേശത പോക്കുമുദാരഭൂരുഹങ്ങൾ
അവരുടെ യവലോകനങ്ങൾ നീക്കി
യവിടെമഹീശനു തൽപ്രവാസദുഃഖം. (൫൭)

ഒരിക്കൽ പുത്രഭായ്യയോടു വാത്സല്യം കൊണ്ടെന്നപോലെ വായു ഒരു കൽഹാരപുഷ്പം പാഞ്ചാലിയുടെ മുമ്പിൽ എത്തിച്ചു. അതു് കണ്ണിനു പ്രീതിയെ നൽകുകയും നടപ്പിന്റെ ക്ഷീണത്തെ തീക്കുകയും ചെയ്കയാൽ ദ്രൌപദി കൌതുകത്തോടുകൂടി എടുത്തു മണപ്പിച്ചു് ഭീമന്റെ അടുക്കൽ ചെന്നു് അപ്രകാ

രമുള്ള പൂക്കൾ എവിടെ എങ്കിലുമുണ്ടെങ്കിൽ കൊണ്ടുവന്നു കൊടുക്കണമെന്ന് അപേക്ഷിച്ചു. ഭീമസേനൻ ഉടൻതന്നെ പൂവന്വേഷിച്ച് ഉത്തരദിക്കിലേക്കുപുറപ്പെട്ടു.

വൻപനാം പവനപുത്രനാരമലകാടി
തൊക്കെയുമുടൻകട-
ന്നമ്പർ വൈരിദശകന്ധരൻെറ പുരികത്തി
യൂക്കൊടെരിയും വിധൌ
കുംഭകൎണ്ണനെ വെടിഞ്ഞുതന്നരികിൽവന്ന
മട്ടെഴുമുറക്കമെ-
ന്നിമ്പമാൎന്നു മിഴികൊണ്ടുവെന്നാഹനുമാൻവഴി-
ക്കവന്നദൃശ്യനായ്. (൧൯)

ഭീമൻ ഹനുമാനെക്കണ്ടു് ഗംഭീരമായി ഇങ്ങനെ പറഞ്ഞു.

മുടക്കീട്ടെൻ മാൎഗ്ഗം വകതിരിവു കൂടാതെ വഴിയിൽ-
കിടക്കും നീയാരാണൊഴിയുക തുലോം നില്ലവിഷമം
കടക്കും കോപത്താൽ മമഗദഹിഡിംബൻെറ സഖിയായ്
കടന്നുകാലൻ തൻ വസതിയിൽ വിരുന്നുണ്ണുവതിനായ്.

തിണ്ണെന്നു ചൊന്ന മൊഴികേട്ടഥ പുച്ഛമാട്ടി-
ക്കണ്ണൊന്നു പക്കമതുകൊണ്ടു ചുവന്ന വൃദ്ധൻ
വണ്ണം മിഴിക്കതു രുഷാന്ധതയാലിണങ്ങും
പൊൎണ്ണൻെറ യാന്ത്യമതു നോക്കിയിദം കഥിച്ചാൻ. (൨൦)

സന്തോഷകുശലം നിനക്കു കിഴവൻ
ഞാൻ നിദ്രയും വന്നപോ-
യെന്മേലൊട്ടു കനിഞ്ഞിടേണമെഴുനേ-
ല്പാൻ മേല നോക്കെന്നെ നീ
ജന്മാവസ്ഥകൾ രണ്ടുകൊണ്ടുമിവിടെ-
ത്തിഴ്ക്കു ഞാനെന്നൊയീ-
ന്നിന്മാൎഗ്ഗാവധിവിട്ടു മാറുക വിഭോ!
പുച്ഛംവലിച്ചാത്തപോൽ. (൨൧)

പുച്ഛത്തിലിങ്ങിനെയുരച്ചതു കേട്ടു താഴെ-
വച്ചിട്ടു തൻ ഗദയുടുപ്പു മുറുക്കി വീരൻ
പുച്ഛം വലിച്ചവനെ യൊട്ടുമിളക്കിയില്ല
മൊച്ചകളരങ്ങിതരനല്ല മിളക്കിയീടാൽ. (൨൨)

അനന്തരം വിനയം, വിസ്മയം, ലജ്ജ എന്നിവയാൽ സമാക്രാന്തനായ ഭീമൻ ആ വാനര പരിവൃഢൻ ദേവന്മാരിൽ ആരെന്നു ചോദിച്ചു. താൻ അഞ്ജനയിൽ പ്രഭഞ്ജനനുണ്ടായ ഹനുമാനാണെന്ന് ആ മഹാൻ ഉത്തരം പറഞ്ഞു. ഭീമൻ അതു കേട്ട് വിനയത്തോടും ബഹുമാനത്തോടും കൂടി ജ്യേഷ്ഠനെ നമസ്കരിച്ചു.

അച്ഛന്നാമോദമൊടു ഭീമനുരച്ചു മന്നം
സ്വച്ഛന്ദമംബുധികടപ്പതിനാണ്ടനിൻെറ
ആശ്ചര്യരൂപമയിപൂർവ്വജ! കാണുവാനു-
ണ്ടിച്ഛാതിരേകമകതാരിലെനിക്കുവീരാ! (൨൩)

അംഗങ്ങളൊക്കയുമുടൻകളിയായ് വളർത്തി
ത്തുംഗത്വമാന്നു കപിസഞ്ചയസാർവ്വഭൌമൻ
ഭംഗംസഹോദരപഥത്തിനുമാത്രമോവാ-
നെങ്ങുംനിറഞ്ഞുസുരവർഗ്ഗവഴിക്കുമേകി. (൨൪)

മൈനാകമന്യ ഗിരിയെന്നു നിനച്ചിടാതെ-
യൂനംഗുരുത്തിനിയലും കപിവര്യദേഹം.
മാനാർഹനാംനൃപതികണ്ടു വിരണ്ടുകമ്പി-
താനേ നിജാക്ഷികൾ കരങ്ങളുണന്നുപിന്നും (൨൫)

അതിപ്രമോദാൽ സ്വയമംഗമെല്ലാം
പ്രതിക്ഷണം പോഷണമാന്നുഭീമൻ
കൊതിച്ചവോസോദരവൃദ്ധികണ്ടി-
ട്ടതിൻവിഡംബം സ്വയമെന്നുതോന്നും. (൨൬)

ഭീമൻ സവിനയം ഇപ്രകാരം അറിയിച്ചു.

തൽപാദദൎശനമതിൽ സുചിരംകൊതിച്ചേ-
നിപ്പോൾ ഭവാനെയിവിടെപ്പഥികണ്ടതിങ്കൽ
ഉല്പന്നമത്ഭുതസമുദ്രവരം കടപ്പാൻ
സ്വല്പംപ്രയാസമയിവീര ഭവാനുമുണ്ടാം. (൨൭)

യാമിനീചരരെ ലക്ഷ്മണനേക്കാൾ
നീമഥിച്ചു വളരെക്കലഹത്തിൽ
രാമദേവനതിനാലവനേക്കാൾ
പ്രേമമേററമുളവായി ഭവാനിൽ. (൨൮)

ക്ഷമിക്കനീ കടുവചനങ്ങളെന്നവൻ
നമിച്ചനേരത്തവനേക്കപീശ്വരൻ
പ്രമോദിയായ്ത്തലയിൽ മുകൎന്നയക്കവേ
സമാകുലൻ വിരഹിപൊഴിച്ചു കണ്ണുനീർ. (൨൯)

മിഴിയൊട്ടിളകാതെ പാൎത്തുകണ്ണിൻ-
വഴിയിൽത്തന്നെയെഴും കപീന്ദ്രനെപ്പോൾ
വഴിയിൽ ഗിരിഗന്ധമാദനംതൻ
മിഴിയിൽപെട്ടുവൃകോദരൻ നടക്കെ. (൩൦)

അക്കുന്നിൽധനദന്റെ കാന്തകൾ മുടിക്കെ
ട്ടിൽ ധരിക്കും പുതു-
പ്പൂക്കൾക്കുള്ള സുഗന്ധമാൎന്നൊരു സരസ്സ
നുക്കസമ്പൂൎണ്ണമായ്-
ഉൾക്കാമ്പിൽ സുഖമേറുവാൻ സുരഭിപോല
നുത്തരാശാഖ്യയാം
മൈക്കണ്ണാളുടെദൎപ്പണത്തിനെതിരായ്ക
ണ്ടാൻസമീരാത്മജൻ. (൩൧)

യക്ഷേശകീൎത്തിയുടലാൎന്നതുപോലെതന്നൊ
യീക്ഷിച്ചഭീതിയൊടുഹംസകുലംപറക്കെ
കക്ഷത്തിൽവച്ചു ഗദനീരിലിറങ്ങിവൻപൻ
ഭ്രക്ഷിത്തുപുഷ്പതതിയൊക്കെ മുദാപറിച്ചാൻ. (൩൨)

അപ്പോറം അതിനേപ്പാലിക്കന്ന ക്രോധവശന്മാർ അടുത്തു വീരവാദത്തോടുക്രുടി ഭീമനേ തടുത്തു. അവർ ആ പൊയ്കയിൽ നോക്കിയപ്പോറം അവരുടെ രോഷകഷായിതങ്ങളായ കണ്ണുകറം പ്രതിഫലിച്ചിട്ട ജലം രക്തവർണ്ണമായി തീൎന്നു കണ്ടാൽ അവർ പൂക്കളേയെല്ലാം ജലത്തിനകത്തു മറച്ചുവച്ചിരിക്കുന്നുവോ എന്നു തോന്നും. ഭീമൻ അവരേക്കണ്ടു സിംഹനാദംചെയ്തു വളരേനാറം നോയമ്പുനോററ തൻെറ ഗദക്കു് അവരെ പാരണയാക്കിത്തീൎത്തു.

അങ്കത്തിലാക്കമൊടു രാക്ഷസമെയ്യിൽ നിന്നും
വൻകുന്നിലെങ്ങുമൊഴുകും രുധിര പ്രവാഹം
ചെങ്കല്ലലിഞ്ഞൊഴുകുമാറുകളെന്നു ഹൃത്തിൽ
ശങ്കിച്ചു വാനിലമരും സുരസംഘമപ്പോറം. (൩൭)

മലയുടെ മുകളിൽ സ്വയംവിളങ്ങും
പലപലവസ്തുകുലങ്ങറം വിട്ടമാറാൻ
അലസതയെഴമീക്ഷണം പറിച്ചി-
ട്ടലർനിരയോടടിവാരമാൻഭീമൻ. (൩൮)

അപ്പോറം തൻെറ സഹോദരന്മാർ ഘടോല്ക്കചൻെറ കഴുത്തിലേറി പാഞ്ചാലിയോടുക്രുടി ആ പൎവ്വതത്തിൻെറ താഴ്വരയിലെത്തി. ഭീമസേനൻ ആദരവോടുക്രുടി ഉടലെടുത്ത അനുരാഗമോ എന്നു തോന്നുമാറുള്ള പൂക്കളെ രഹസ്സിൽ അവറംക്കു കാഴ്ചവച്ചു.

ദ്വിരേഫരമ്യ ശോഭയാൻ ധാൎത്തരാഷ്ട്രധൂതമായ്
വരാംഗിതൻശിരസ്സിലേററമൂൎദ്ധിമാലയുള്ളതായ്
വിരാജമാനമാം കചത്തിൽ നല്ലപൂക്കറംതിങ്ങിയ-
സ്സരോവരത്തിലെന്നപോലെ ഭീമവൈഭവത്തിനാൽ. (൩൯)

ഒരിക്കൽ ഭീമൻ കാട്ടിൽ നായാട്ടുചെയ്തുംകൊണ്ടിരുന്നപ്പോറം ജടാസുരൻ എന്നൊരസുരൻ പൎണ്ണശാലയിൽ ചെന്നു് ഭാൎയ്യയോടുക്രുടി മൂന്നു സഹോദരന്മാരേയും തോളിലെടുത്തുംകൊണ്ടു വേഗത്തിൽ ഒരു അപദിശമാൎഗ്ഗത്തിൽ ക്രുടി ഗമനംചെയ്തു.

ഘടോല്ക്കചൻ കുന്നിൻപോയ് മടങ്ങവേ
ജടാസുരൻ തോളിലെടുത്തിരിക്കയാൽ
തൊടാൻ നൃപൻതന്നാടികിട്ടിടാതെകാ-
ട്ടുടൽ ഖഗധ്വാനമിഷാൽ കരഞ്ഞുവോ- (൩൬)

കുടിലസഭയിൽമുന്നം കാട്ടുപൂകാൻ നിനയ്ക്കേ
ജടകളിലുപരോധം സംഭവച്ചില്ലതെല്ലും
ഇടരധികമെഴുനാക്കാട്ടിലൊട്ടേറെയുണ്ടായ്
ജടകളിലുപരോധം ഭൂപമൌലിക്കുചിത്രം. (൩

ഭാരംകൊണ്ടൊരു ദിക്കിൽ നിന്നിതരദിക്കെ
ത്തീട്ടുവാൻദൈത്യന-
പ്പാരിൻ നാഥനെഴും മഹത്വമതിനാൽ തൻ
കാൽ കുഴഞ്ഞീടവേ
ദൂരെപ്പോകുവതെന്തിനേറെയിവിടെക്കൊ
ന്നീട്ടുവൻശീഘ്രമെ-
ന്നാരംഭിച്ചതുപോലെനിന്നു വഴിയിൽദു
ഷ്ടൻജടാഖ്യാസുരൻ. (൩൮)

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MA2 Acc. No. 21539

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

MA2
VEN-C

21539

വെങ്കടാചലമയ്യൻ കവിയൂർ
ചമ്പുഭാരതം